**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5733** **16-03-2023 - ൽ മറുപടിയ്ക്ക്**

**ആശാവർക്കർമാരുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശാവർക്കർമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | **കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. കേരളത്തിൽ അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തകരായി സംസ്ഥാനത്തുടനീളം ആശാപ്രവർത്തകരെ തിരഞ്ഞെടുക്കുകയും വിവിധ ഘട്ടങ്ങളിലായി പരിശീലനം നൽകി വരികയും ചെയ്യുന്നു.**<br><br>**സംസ്ഥാനത്തെ ആശാവർക്കർമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ 02.03.2023 തീയതിയിലെ സ.ഉ. (സാധാ) നം. 483/2023/ ആരോഗ്യം പ്രകാരം ആശാ വർക്കർമാരുടെ ജോലികൾ കൃത്യമായി നിർവ്വചിക്കുകയും, യോഗ്യത, തെരഞ്ഞെടുപ്പ്, പരിശീലനം, സേവന കാലാവധി, ഹോണറേറിയം, പ്രശ്നപരിഹാര സംവിധാനങ്ങൾ, സേവനത്തിൽ നിന്ന് മാറി നിൽക്കൽ എന്നിവ സംബന്ധിച്ച് സമഗ്രമായ ആശാ പദ്ധതിയുടെ മാർഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2022 ഏപ്രിൽ മുതൽ ആശമാർക്ക് പ്രതിമാസം 200 രൂപ ടെലിഫോൺ അലവൻസ് ആയി നൽകി വരുന്നുണ്ട്. ഇത് കൂടാതെ HBNC,HBYC പോലുള്ള പദ്ധതികളുടെ ഭാഗമായി ആശമാർക്കു പുതിയ ഇൻസെന്റീവും നൽകി വരുന്നു.** |
| (ബി) | ആശാവർക്കർമാരെ സംസ്ഥാന സർവീസ് ജീവനക്കാരായി അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ആശമാർ സന്നദ്ധ ആരോഗ്യ പ്രവർത്തകരാണ് . ആശാമാരെ സംസ്ഥാന സർവീസ് ജീവനക്കാരായി അംഗീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഇല്ലെങ്കിൽ ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | 2016-17 ൽ 1500 രൂപ ആയിരുന്ന ആശാപ്രവർത്തകരുടെ പ്രതിമാസ ഹോണറേറിയം വർഷം തോറും വർദ്ധനവ് വരുത്തി 2021 ഏപ്രിൽ മുതൽ പ്രതിമാസം 6000 രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ആശാവർക്കർമാരുടെ ഓണറേറിയം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്മേൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഓണറേറിയം വർദ്ധിപ്പിക്കുമെങ്കിൽ എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | 2016-17 ൽ 1500 രൂപ ആയിരുന്ന ആശാപ്രവർത്തകരുടെ പ്രതിമാസ ഹോണറേറിയം വർഷം തോറും വർദ്ധനവ് വരുത്തി 2021 ഏപ്രിൽ മുതൽ പ്രതിമാസം 6000 രൂപയായി വർദ്ധിപ്പിച്ച നൽകിയിട്ടുണ്ട്. ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്മേൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ